I/163322/2023

**<u>തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം</u>**

**(ഹാജർ : M.G. RAJAMANICKAM IAS )**

വിഷയം : തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്–ഭരണ ജാഗ്രത- ഇടുക്കി ജില്ല -ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.പി.വി. ബിജുവിനെതിരായ അച്ചടക്കനടപടി- സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവാകുന്നു.

പരാമർശം:

1) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05/01/2022 ലെ എ2-9323/2020 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 07.03.2022-ലെ PAN/1676/2022-D8(DP) നമ്പർ കുറ്റാരോപണ മെമ്മോ.
3) പഞ്ചായത്ത് ഡയറക്ടറുടെ 14.07.2022-ലെ PAN/1676/2022-D8(DP) നമ്പർ ഉത്തരവ്
4) ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 29.10.2022-ലെ ബി1-5463/2022 നമ്പർ കത്തും അതോടൊപ്പമുള്ള ഔപചാരിക അന്വേഷണ റിപ്പോർട്ടും.
5) പഞ്ചായത്ത് ഡയറക്ടറുടെ 17.11.2022 തീയതിയിലെ PAN/1676/2022-D8(DP) നമ്പർ ഹിയറിംഗ് നോട്ടീസ്.
6) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 03-07-2023 ലെ LSGD/PD/32403/2023-VIGB3 നമ്പർ കാരണം കാണിക്കൽ നോട്ടീസ്
7) ഇടുക്കി ജില്ലാജോയിന്റ് ഡയറക്ടറുടെ 10.10.2023-ലെ LSGD/JD/IDK/90/2023-A3 നമ്പർ കത്ത്.

**<u>ഉത്തരവ് നമ്പർ .LSGD/PD/32403/2023-VIGB3 തീയതി:28-12-2023</u>**

ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് വരവെ ശ്രീ.പി.വി. ബിജു 06.12.2021 തീയതി മുതൽ മുൻകൂർ അനുമതി കൂടാതെയും, യഥാവിധം അവധി അപേക്ഷ സമർപ്പിക്കാതെയും അനധികൃതമായി ജോലിയ്ക്ക് ഹാജരാകുന്നില്ല എന്ന് കാണിച്ചു പരാമർശം (1) പ്രകാരം ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയും, കേരള സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധമായി അനധികൃത ഹാജരില്ലായ്മയിൽ തുടരുകയും

ചെയ്തത് ടിയാന്റെ ഭാഗത്ത് നിന്നുള്ള ഗുരുതര വീഴ്ചയാണെന്ന് കണ്ട് 1960-ലെ KCS(CCA) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം അച്ചടക്കനടപടി ആരംഭിക്കുകയും ടിയാനെതിരെ പരാമർശം (2) പ്രകാരം കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത കുറ്റാരോപണമെമ്മോയിൽ താഴെ പറയുന്ന ആരോപണങ്ങൾ ഉൾക്കൊള്ളിച്ചിരുന്നു.

*1. ഉടുമ്പൻചോല ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ച് വരവെ **06.12.2021** തീയതി മുതൽ മുൻകൂർ അനുമതി കൂടാതെയും, യഥാവിധം അവധി അപേക്ഷ സമർപ്പിക്കാതെയും അനധികൃതമായി ഓഫിസിൽ ഹാജരാകാതിരുന്നത് ഗുരുതരമായ കൃത്യനിർവ്വഹണ വീഴ്ചയും, അച്ചടക്ക ലംഘനവുമാണ്.*

*2. കൊറോണ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുന്ന സമയത്ത് അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിലൂടെ ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് വിഘാതം സൃഷ്ടിക്കാനിടയാക്കിയത് വളരെ ഉത്തരവാദപ്പെട്ട സ്ഥാനം വഹിക്കുന്ന സർക്കാർ ഉദ്യോഗസ്ഥനെന്ന പദവിക്ക് യോജിക്കാത്തതും നിരുത്തരവാദപരവുമാണ്.*

മേൽ കുറ്റാരോപണമെമ്മോയ്ക്ക് ശ്രീ.പി.വി. ബിജു എതിർവാദപത്രിക സമർപ്പിച്ചിരുന്നില്ല. തുടർ ന്ന് KCS(CCA) ചട്ടങ്ങൾ ചട്ടം 15 അനുശാസിക്കും പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തേണ്ടത് അനിവാര്യമായതിനാൽ ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ.വി.കുര്യക്കോസിനെ ചുമതലപ്പെടുത്തി പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി പരാമർശം (4) പ്രകാരം സമർപ്പിച്ച ഔപചാരിക അന്വേഷണ റിപ്പോർട്ടിൽ, ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായി ശ്രീ.പി.വി. ബിജു വിനെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് 27.09.2022 തീയതി നേരിൽ കേൾക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മുഖേന രജിസ്റ്റേർഡ് തപാലിൽ നോട്ടീസ് അയച്ചുവെങ്കിലും ടിയാൻ ഔപചാരിക അന്വേഷണത്തിന് ഹാജരാകുകയോ ടിയാന്റെ വാദഗതികൾ തപാലിലോ, ഇ-മെയിൽ മുഖേനയോ, പ്രത്യേക ദൂതൻ മുഖേനയോ സമർപ്പിക്കുകയോ ചെയ്തിട്ടില്ലായെന്നും നാളിതുവരെ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശ്രീ.പി.വി. ബിജു വിന് നൽകിയ കുറ്റാരോപണ മെമ്മോയ്ക്ക് എതിർവാദപത്രിക സമർപ്പിച്ചിട്ടില്ലായെന്നതിൽ നിന്നും ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ലായെന്ന് അനുമാനിക്കാവുന്നതാണെന്നും ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായുള്ള നേർവിചാരണ നോട്ടീസിന് മറുപടിയൊന്നും നാളിതുവരെ ലഭ്യമാക്കിയിട്ടില്ലായെന്നും, സേവനത്തിൽ തിരികെ പ്രവേശിക്കാതെ, അനധികൃത ഹാജരില്ലായ്മയിൽ തുടരുന്ന ടിയാനെതിരെ 1960 ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പിലും) ചട്ടങ്ങൾ 15 പ്രകാരമുള്ള ശിക്ഷാനടപടികൾ തുടരാവുന്നതാണെന്ന് ശുപാർശ ചെയ്ത് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

കൂടാതെ പരാമർശം (5) പ്രകാരം 22.11.2022 തീയതി പഞ്ചായത്ത് ഡയറക്ടർ നേരിൽ കേൾക്കുന്നതിന് അറിയിപ്പ് നൽകിയെങ്കിലും ടിയാൻ പ്രസ്തുത ഹിയറിംഗിലും ഹാജരായില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരവും മാന്വൽ ഓഫ് ഡിസിപ്ലിനറി പ്രൊസീഡർ ഖണ്ഡിക 53 പ്രകാരവും അവധി അനുവദിക്കാതെ അനധികൃതമായി സേവനത്തിൽ നിന്നു വിട്ട് നിന്ന ശ്രീ.പി.വി. ബിജു വിനെ സേവനത്തിൽ നിന്ന് നീക്കം ചെയ്യുന്നതിന് താൽക്കാലികമായി തീരുമാനിച്ച് പരാമർശം (6) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. കാരണം കാണിക്കൽ നോട്ടീസ് ശ്രീ.പി.വി.ബിജു 01/08/2023-ന് കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ ആയതിനും നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ല എന്ന് പരാമർശം (7) പ്രകാരം ഇടുക്കി ജില്ലാ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

മേൽ സാഹചര്യത്തിൽ വസ്തുതകളും, ബന്ധപ്പെട്ട രേഖകളും ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഔപചാരിക അന്വേഷണ റിപ്പോർട്ടിലെ ശുപാർശയും പരിശോധിച്ചതിൽ 06.12.2021 തീയതി മുതൽ സേവനത്തിൽ ഹാജരാകാതെ അനധികൃത ഹാജരില്ലായ്മയിൽ തുടരുന്നതിലൂടെ പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. പി.വി. ബിജു ഗുരുതരമായ അച്ചടക്കലംഘനത്തിനും കൃത്യവിലോപത്തിനും സർവ്വീസ് ചട്ടങ്ങളോടുള്ള അനാദരവിനും ഉത്തരവാദിയാണെന്ന് കാണുന്നു. അച്ചടക്ക നടപടിയുടെ ഭാഗമായി കുറ്റാരോപണ മെമ്മോയ്ക്ക് എതിർവാദ പത്രിക നൽകാതെയും ഔപചാരിക അന്വേഷണത്തിന്റെ ഭാഗമായുള്ള നേർവിചാരണയ്ക്ക് ഹാജരാകാതെയും പഞ്ചായത്ത് ഡയറക്ടർ വിളിച്ച ഹിയറിംഗിന് ഹാജരാകാതെയും ടിയാൻ അന്വേഷണങ്ങളോട് സഹകരിക്കാതെ ഗുരുതരമായ അച്ചടക്കലംഘനം തുടരുകയാണ്. ആയതിനാൽ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി.വി. ബിജുവിനെതിരായ കുറ്റാരോപണങ്ങൾ പൂർണ്ണമായും നിലനിൽക്കുന്നതിനാൽ ശ്രീ.പി.വി. ബിജുവിനെ കാരണം കാണിക്കൽ നോട്ടീസിൽ നിശ്ചയിച്ചിരുന്ന **സേവനത്തിൽ നിന്ന് നീക്കം ചെയ്യുക എന്ന താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തി** അച്ചടക്ക നടപടി തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു

**M.G. RAJAMANICKAM IAS**
**PRINCIPAL DIRECTOR**

ശ്രീ.പി.വി. ബിജു
മുൻ സെക്രട്ടറി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്
( ജില്ലാ ജോയിന്റ് ഡയറക്ടർ ഇടുക്കി മുഖേനെ )

പകർപ്പ് :

1. ജില്ലാ ജോയിന്റ് ഡയറക്ടർ ഇടുക്കി (ഉത്തരവിന്റെ പകർപ്പ് ശ്രീ.പി.വി ബിജുവിന് നൽകി കൈപ്പറ്റ് ലഭ്യമാക്കുന്നതിനും ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനും)
2. സെക്രട്ടറി ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത്
3. സൂപ്രണ്ട്, DEA സെക്ഷൻ
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
M.g. rajamanickam Ias
Date: 28-12-2023 20:50:43